**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3121 — 03/04/2013 - ൽ മറുപടിയ്ക്ക്

# നാളികേരത്തിന്റെ വിലയിടിവ് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>,, കെ. രാധാകൃഷ്ണൻ<br>ശ്രീമതി കെ. കെ. ലതിക<br>ഡോ. കെ. ടി. ജലീൽ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) 2012ൽ നാളികേരത്തിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച തറവില കേരകർഷകർക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) 2012 ൽ നാളീകേരത്തിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലുമാണ് കൊപ്രസംഭരണം നടത്തിയിട്ടുള്ളത്. |
| (ബി) നാളികേരത്തിന്റെ വിലയിടിവ് മൂലം സംസ്ഥാനത്തെ നാളികേര കർഷകർക്കുണ്ടായ നഷ്ടം എത്ര യെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ; | (ബി) വിലയിടിവുമൂലമുണ്ടായ നഷ്ടം കണക്കാക്കി യിട്ടില്ല. എന്നാൽ കർഷകർക്ക് നഷ്ടം പരമാവധി കുറയ്ക്കുന്നതിനു വേണ്ടിയാണ് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്രസംഭരണത്തിനു പുറമേ സംസ്ഥാനത്തെ കൃഷി ഭവനിലൂടെ കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്ന പദ്ധതിയും വിപുലമായി നടപ്പിലാക്കി വരുന്നു. കൂടാതെ നാളീകേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി |

3 കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും പുരോഗമിച്ചു വരുന്നു. മൂല്യവർദ്ധനവിനുള്ള പദ്ധതികൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് വഴിയും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴിയും നടപ്പിലാക്കുന്നുണ്ട്.

(സി) ഈ വർഷവും നാളികേരത്തിന്റെ വിലയിടിവ് തുടരാതിരിക്കാൻ സബ്സിഡി നൽകി വെളിച്ചെണ്ണ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) & (ഡി) ഈ വർഷം നാളീകേരത്തിന് വിലയിടിവ് അനുഭവപ്പെടാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിന് മുമ്പിലുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ